**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 526** **29.10.2019-ലെ മറുപടിക്ക്**

**എൻ.പി.എസ്-ൽ ഉൾപ്പെടുന്ന സംസ്ഥാന സർക്കാർ ജീവനക്കാർ**

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.വി.വിജയദാസ്**

**ഡോ. തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും**
**വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരിൽ എത്ര പേരാണ് എൻ.പി.എസ്. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; 2019 സെപ്റ്റംബർ 30 വരെയുള്ള കണക്ക് നൽകാമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 സെപ്റ്റംബർ 30 വരെ 1,01,192 സർക്കാർ ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എൻ.പി.എസ്-ൽ ഉൾപ്പെടുന്ന ഗസറ്റഡ്, നോൺ ഗസറ്റഡ് വിഭാഗക്കാരുടെ വിവരങ്ങൾ നൽകാമോ; | സ്പാർക്ക് ഡേറ്റബെയ്സിലെ വിവരം അനുസരിച്ച് 2019 സെപ്റ്റംബറിലെ ശമ്പളം എൻകാഷ് ചെയ്ത മൊത്തം ജീവനക്കാരിൽ **6,010** ഗസറ്റഡ് ജീവനക്കാരും **87,050** നോൺ ഗസറ്റഡ് ജീവനക്കാരുമാണ് എൻ.പി.എസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| (സി) | എൻ.പി.എസ്. ഇനത്തിൽ ജീവനക്കാരിൽ നിന്നും നാളിതുവരെ ശേഖരിച്ചിട്ടുള്ള തുകയുടേയും, സർക്കാർ ഒടുക്കിയിട്ടുള്ള മാച്ചിംഗ് ഗ്രാന്റിന്റേയും വിശദവിവരം നൽകാമോ; | ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2019 സെപ്റ്റംബർ 30 വരെ പ്രസ്തുത പദ്ധതിയിൽ ജീവനക്കാരുടെ വിഹിതമായി 923.235 കോടി രൂപയും സർക്കാർ വിഹിതമായി 923.235 കോടി രൂപയും നിക്ഷേപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | ഇപ്രകാരം ശേഖരിച്ചിട്ടുള്ള തുക ഏതെല്ലാം ബാങ്കുകളിലും ഏജൻസികളിലുമായിട്ടാണ് പി.എഫ്.ആർ.ഡി.എ നിർദ്ദേശപ്രകാരം സർക്കാർ നിക്ഷേപിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ? | 06.02.2014-ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്.ആർ.ഡി.എ. നിർദ്ദേശ പ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ ഫണ്ട് മാനേജർമാർ മുഖേന ഗവൺമെന്റ് സെക്യൂരിറ്റികൾ, ടേം ഡെപ്പോസിറ്റുകൾ, റുപ്പീ ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നിവയിൽ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും കൂടി ചേർത്താണ് ഈ തുക നിക്ഷേപിച്ചു വരുന്നത്. |

**സെക്ഷൻ ഓഫീസർ**